# SanThome

## Digital Magazine 2019

little KITEs




## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
## സാൻതോം ഹൈസ്കൂൾ കണമല

LK/2018/32025

# സന്ദേശം



ഫാ.മാത്യു നിരപ്പേൽ
സ്കൂൾ മാനേജർ

കണമല സാൻതോം ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ വിവരസാങ്കേതികവിദ്യയുടെ ചിട്ടയായ ഉപയോഗം പഠനപ്രവർത്തനങ്ങൾക്ക് ഊർജം പകരുമെന്ന സന്ദേശമാണ് നൽകുന്നത്. സൈബർ നിയമങ്ങളറിയുന്ന മൂല്യബോധമുള്ള ഒരു തലമുറയായി വളർന്ന് സമൂഹത്തിന് ഉപകാരപ്രദമായി ജീവിക്കാൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങളിലൂടെ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ഫാ.മാത്യു നിരപ്പേൽ
സ്കൂൾ മാനേജർ

# ആശംസ



കണമല  സാൻതോം ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ  യൂണിറ്റിന്റെ  മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഊർജം പകരട്ടെ എന്ന് ആശംസിക്കുന്നു. സർഗാത്മകരചനകൾ നടത്തിയവരെയും ഡിജിറ്റലൈസേഷനു പിന്നിൽ പ്രവർത്തിച്ചവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ജോയിസ് കെ. ജോസഫ്
ഹെഡ് മിസ്ട്രസ്

# San Thome Little KITEs Digital Magazine 2019


Chief Editor
Ganga Suresh
Sub Editors
Alka Caroline Reji
Dona Jomon
Editorial Board
Rahul Rajendran
Akhil Rajappan
Rose Mary Varghese
Vismaya V M
Nafela Sulfekar
Reshma R
Mentors
Jim Jo Joseph
KITE Master
Deepa Sebastian
KITE Mistress


## എഡിറ്റോറിയൽ

ക്ലാസ് മുറികൾ ഹൈടെക്കാക്കിയതിനോടൊപ്പം കുട്ടികൾക്ക് ആധുനികസാങ്കേതികവിദ്യകൾ പരിശീലിക്കുന്നതിനുതകുന്ന തരത്തിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പോലെയുള്ള സംരംഭങ്ങൾ പൊതുവിദ്യാലയങ്ങളിൽ ആരംഭിച്ചതും കൃത്യമായ പരിശീലനങ്ങളിലൂടെ അവ വിജയകരമായി മുമ്പോട്ടുകൊണ്ടുപോകുന്നതും ഭരണസാരഥ്യം വഹിക്കുന്നവരുടെ ദീർഘവീക്ഷണത്തിനു തെളിവാണ്. റോബോട്ടിക്സ്, പ്രോഗ്രാമിങ്, റാസ്പ് ബറി പൈ, ഭാഷാകംപ്യൂട്ടിങ്, മൊബൈൽ ആപ്പ് നിർമ്മാണം തുടങ്ങി വിവിധസാങ്കേതികവിദ്യകൾ പരിശീലിക്കുന്നതിനൊപ്പം മൂല്യബോധമുള്ള തലമുറയായി വളർന്നുവരാനും ലിറ്റിൽ കൈറ്റ്സ് പാഠ്യപദ്ധതി സഹായിക്കുന്നുണ്ട്. കുട്ടികളിലെ സർഗാത്മകതയെ കണ്ടെത്തി വികസിപ്പിക്കാനും ഗ്രാഫിക്സിലും ഭാഷാകംപ്യൂട്ടിങ്ങിലും പഠിച്ച വിവരങ്ങൾ പ്രയോഗിക്കാനും ഈ മാഗസിൻ അവസരമൊരുക്കി. മാഗസിന്റെ താളുകൾ നിങ്ങൾക്ക് ഇഷ്ടമാകുമെന്ന പ്രതീക്ഷയോടെ,



ഗംഗ സുരേഷ്
ചീഫ് എഡിറ്റർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
സാൻതോം ഹൈസ്കൂൾ കണമല
LK/2018/32025

# CONTENTS


5.സ്മരണാഞ്ജലി

6.സ്വാഗതം

7.പ്രണാമം

9.താളുകളുടെ നൊമ്പരം

14.I T Quiz

5.ചിത്രശാല

16.പ്രളയക്കെടുതികൾ

17.കൊട്ടകൾ

19.യാത്രാവിവരണം

22.Newton's law

23.ഉണരുക

24.Unity is Strength

25.JokeS

26.GK Quiz

27.Rain

28.Body Facts

29.Don't be afraid of dark

31.വേനൽ

33. ബലൂൺ

36.Activities




പമ്പാവാലി എന്ന ഹരിതാഭമായ, നന്മ മണക്കുന്ന ഗ്രാമത്തിന്റെ വളർച്ചയുടെ ആരംഭം എവിടെ എന്ന് തിരക്കിച്ചെല്ലുമ്പോൾ സാൻതോം എന്ന അക്ഷരവീടുമായി അതിന് അഭേദ്യമായ ബന്ധമുണ്ടെന്ന് കാണാം. സാൻതോം പകർന്നനൽകിയ അക്ഷരവെളിച്ചം ഈ നാടിന് അതിന്റെ സാംസ്കാരികവുംവിദ്യാഭ്യാസപരവും, അതിലൂടെ സാമ്പത്തികവുമായ ഉന്നതിയിലെത്തുന്നതിന് നൽകിയ പങ്ക് നിർണ്ണായകമാണ്. ഈ അക്ഷരവൃക്ഷം ഇവിടെ പടുത്തുയർത്തിയ ബഹുമാനപ്പെട്ട ഫാ. മാത്യൂ വയലുങ്കലിന്റെ മുപ്പത്തിമൂന്നാം ചരമവാർഷികത്തിൽ അദ്ദേഹത്തിന് നാടിന്റെ പ്രണാമം

# സ്വാഗതം

സാന്തോം സ്കൂളിന്റെ മനസ്
എന്നും
സ്വപ്നങ്ങൾക്ക് മുളയ്ക്കാൻ വളക്കൂറുള്ള മണ്ണാണ്.
കാലഹരണപ്പെട്ട സ്വപ്നം എന്നൊന്നില്ല;
അസാധ്യസ്വപ്നങ്ങൾ, അതിരുവിട്ട സ്വപ്നങ്ങൾ എന്നിവയുമില്ല.
ശ്രേഷ്ഠമായ, നിലവാരമുള്ള പരിശീലനത്തിലൂടെ,
മുളയ്ക്കില്ലെന്നു കരുതുന്ന വിത്തിനെയും
മുളപ്പിക്കാൻതക്ക വളക്കൂറുള്ള മണ്ണാണ്
സാൻതോം.

എഴുതാനും വായിക്കാനും സംസാരിക്കാനും
ധാർമ്മികതയിലൂന്നി വളരാനും
ഏറ്റം അനുഗൃഹീതമായ സമയമാണ്
സാൻതോം പഠനകാലം.
പയറും പാവലും ഒരുപോലെ മുളയ്ക്കില്ല.
പാവലിന് സമയം കൂടുതൽ വേണം.
പന്നൽച്ചെടിയും കല്ലൻമുളയും ഒരുപോലെയല്ല.
പന്നൽ ചാടിക്കിളിർക്കും, മുളവിത്ത് ഏറെക്കാലം
ധ്യാനത്തിലായിരിക്കും.
കാത്തിരിക്കാൻ ക്ഷമയുള്ള അധ്യാപകർ,
കരുതലോടെ നിലമൊരുക്കുന്ന സഹായികൾ,
ജാഗ്രതയോടെ പശ്ചാത്തലമൊരുക്കുന്ന മാനേജ്മെന്റ് ,
കരുത്തുറ്റ നിലവാരമുള്ള കലാലയം.
സാൻതോമിൽ നട്ട സ്വപ്നങ്ങളൊന്നും നഷ്ടസ്വപ്നങ്ങളല്ല...
രാജ്യത്തിന്റെ ദേശത്തിന്റെ, ഭവനത്തിന്റെ ഉന്നതിക്കായി

സാൻതോം കലാലയത്തിൽ ഒന്നിച്ചുകൂടാം...

ഇതിലേയ്ക്ക് പറിച്ചുനടാം.




പമ്പാവാലിയുടെ മുഖച്ഛായ മാറ്റിയ അന്തരിച്ച ഫാദർ മാത്യു വടക്കേമുറിക്ക് പ്രണാമം. ഏഷ്യയിലെ ആദ്യത്തെ റബറൈസ്ഡ് റോഡ് ആയ മൂക്കൻപെട്ടി-ഉലാപ്പള്ളി റബറൈസ്ഡ് റോഡ്, കണമല-മൂക്കൻപെട്ടി-ഏഞ്ചൽവാലി കോസ് വേകൾ, വിവിധ ഭവനനിർമാണ പദ്ധതികൾ, കുറഞ്ഞ ചെലവിൽ ബയോഗ്യാസ് പ്ലാന്റുകൾ, തേൻ സംസ്കരണയൂണിറ്റുകൾ തുടങ്ങിയവയിലൂടെ നമ്മുടെ പ്രദേശത്തെ ഇന്നുകാണുന്ന നിലയിലെത്തിക്കാൻ കാരണക്കാരനായ പ്രിയപ്പെട്ട വടക്കനച്ചൻ എന്നും നമ്മുടെ ഓർമ്മകളിൽ വിളങ്ങിനിൽക്കും, നിൽക്കണം.

Be +ve

# ജീവിതത്തോടുള്ള മനോഭാവം എങ്ങനെയായിരിക്കണം

Everyone knows about Alexander Graham Bell who invented the Telephone, but very few know that he never made a call to his family. This was because, his wife and daughter were both deaf! That's life.

The worst thing in life is “attachment” because it hurts when you lose it. The best thing in life is “loneliness”because it teaches you everything and, when you lose it , you get everything.

If an egg is broken by an outside force,a life ends. If an egg breaks from within, life begins. Great thing always begin from within.

It's better to lose your ego to the one you love, than to lose the one you love because of ego.

Heated Gold become ornaments. Beaten copper become wires, broken stones become statues. So, the more pain you get in your life, the more valuable you become.

When you trust someone, trust him completely without any doubt. At the end you would get one of the two: either a lesson for your life or a very good person.

Done by Reshma R & Jinu Thomas

# താഴ്‌വരയുടെ നൊമ്പരം

കണമലയുടെ നെഞ്ചിലെ മുറിവിൽ ഇപ്പോഴും ചോര കിനിയുന്നുണ്ട്.
ജീവിതയാത്രയുടെ പാതിവഴിയിൽ ഇവിടെ വച്ച് ജീവൻ പൊലിഞ്ഞവർ
എത്രയാണ്....

എല്ലാമൊന്നു ശാന്തമായി വരുമ്പോൾ......

മുറിവൊന്നു വാടിത്തുടങ്ങുമ്പോൾ മറ്റൊന്നുകൂടി....



ഓരോ ദുരന്തങ്ങളും ഒട്ടേറെ ഹൃദയങ്ങളിൽ മുറിവുകളുണ്ടാക്കുന്നു. മരണപ്പെട്ടവരുടെ പ്രിയപ്പെട്ടവർക്ക്, നാടിന്, പരിക്കേറ്റവർക്ക്, ദുരന്തവാർത്ത കേട്ടറിഞ്ഞവർക്ക്......അത്രയും തന്നെയോ അതിലേറെയോ ഹൃദയവേദന അനുഭവിക്കുന്ന മറ്റൊരു കൂട്ടരുണ്ട്. രക്ഷാപ്രവർത്തകർ അഥവ പരിസരവാസികൾ. കൈകാലുകളറ്റ് ചോരയൊലിക്കുന്ന പാതിചത്ത ശരീരങ്ങൾ കോരിയെടുത്ത് ആംബുലൻസിലേയ്ക്കോടുന്നവർ....തലയറ്റ് നിശ്ചേതനമായ ശരീരങ്ങൾ....ഉറ്റവർക്ക് എന്തുപറ്റിയെന്നറിയാതെയുള്ള

നിസ്സഹായനിലവിളികൾ...ചോരയുടെ മനം മടുപ്പിക്കുന്ന ഗന്ധം...
പിന്നെ എത്ര നാളേയ്ക്കെന്നറിയാതെ ഈ ഭീകരചിത്രങ്ങൾ കണമലയെ,
വിശാലമായി പറഞ്ഞാൽ പമ്പാവാലി എന്ന ഗ്രാമത്തെ പിന്തുടരുകയാണ്....

ഈ ഗ്രാമഹൃദയം വളരെ ലോലമായ ഒന്നാണ്. അതുകൊണ്ടുതന്നെ പെട്ടെന്ന് മുറിവേൽക്കും. അല്ലെങ്കിൽ പിന്നെന്തിനാണ് അതിരാവിലെ റബ്ബറുവെട്ടാൻ കത്തി തേച്ചുകൊണ്ടിരുന്ന ഒരു സാധാരണകർഷകൻ വെട്ടുപേക്ഷിച്ച് മൂന്നു കിലോമീററിലധികം ഓടിയും നടന്നുമൊക്കെയായി കിതച്ചുകൊണ്ട് കണമല അട്ടിവളവിലെത്തിയത്? ഒരു ശബരിമലതീർത്ഥാടകവാഹനം അപകടത്തിൽപെട്ടെന്ന് കണമലയിൽനിന്നും തുടങ്ങുന്ന ആദ്യബസിന്റെ ഡ്രൈവർ കൊടുത്ത വിവരമറിഞ്ഞാണ് അയാൾ ഇത്രയും ദൂരം താണ്ടിയെത്തിയത്.

അയാൾ ഒരു പ്രതീകമാണ്.

പമ്പാവാലിയുടെ മനസ്സാക്ഷിയുടെ പ്രതീകം.

അപകടം നടന്ന് നിമിഷങ്ങൾക്കകം ഒരു ഗ്രാമമാകെ സഹായഹസ്തവുമായി ഓടിയെത്തുകയായിരുന്നു.

അന്നു മരിച്ചവർ 16 പേർ. എല്ലാവരും ആന്ധ്രാസ്വദേശികൾ.

പമ്പാവാലിക്കേററ ആദ്യ ആഘാതം.

പിന്നീട് ഓരോ അപകടവാർത്തകളും ഗ്രാമം ഞെട്ടലോടെയാണ് കേട്ടത്. അങ്ങനെയൊന്ന് ആവർത്തിക്കരുതേയെന്ന ഗ്രാമത്തിന്റെ പ്രാർത്ഥന പക്ഷേ ഫലിച്ചില്ല, നിത്യനിരാമയന്റെ തീരുമാനം മറെറാന്നായിരുന്നു.



വീണ്ടുമൊരു ദുരന്തം.

ഇത്തവണ പക്ഷേ ചോരയൊഴുകിയില്ല. മരണത്തിന് കീഴടങ്ങിയവർ 11 പേർ. എല്ലാവരും ആന്ധ്രാസ്വദേശികളായ ശബരിമല തീർത്ഥാടകർ. സാധാരണക്കാരായ, കുടുംബഭാരം തലയിലേറുന്ന തൊഴിലാളികൾ. യാത്രക്കൂലിയിൽ അല്പം ഇളവുകിട്ടുന്നത് വലിയ കാര്യമായി കരുതി ഒരു വലിയ ലോറിയിലാണ് അവർ വന്നത്. യാത്ര സുഗമമാക്കുന്നതിനായി ലോറിയുടെ പ്ളാററ് ഫോമിൽ അടുക്കിയിരുന്ന മണൽച്ചാക്കിനും മേൽക്കൂരയായി വലിച്ചുകെട്ടിയിരുന്ന ടാർപോളിനുമിടയിൽ കുടുങ്ങി ശ്വാസം മുട്ടിയാണ് 11 പേരും മരിച്ചത്.

ഒരു ഗ്രാമം മുഴുവൻ അസ്വസ്ഥതയോടെ മന്ത്രിക്കുന്നു.

എന്തുകൊണ്ടാണിങ്ങനെ?

റോഡിന്റെ നിർമ്മാണത്തിലെ സാങ്കേതികപ്പിഴവുകളാകാം... ഡ്രൈവറുടെ അമിതജോലിഭാരമോ ഒരു നിമിഷാർദ്ധത്തെ അശ്രദ്ധയോ വാഹനത്തകരാറോ ആകാം കാരണം. അതുമല്ലെങ്കിൽ വെറുമൊരു യാദൃച്ഛികതയാവാം. കാരണം 2009 ലെ ദുരന്തസ്ഥലത്തുനിന്നും മാറി താരതമ്യേന അപകടസാധ്യത കുറഞ്ഞയിടത്താണ് ഏററവും അവസാനത്തെ അപകടം...

ഈ ഗ്രാമം ഇന്ത്യയുടെ അപകടഭ്രൂപടത്തിൽ സ്ഥാനം പിടിക്കുന്നതിന്റെ നിരാശയല്ല.

സ്വച്ഛസുന്ദരവും പ്രകൃതിമോഹനവുമായ ഈ താഴ് വര അനേകരുടെ സങ്കടഭ്രൂമിയായി മാറുന്നതിന്റെ നീററലാണുള്ളിൽ...

അവർ ഞങ്ങളുടെ കൂടപ്പിറപ്പുകളായിരുന്നു...

പല ഭാഷ സംസാരിക്കുന്നവരാണ്....

പക്ഷേ മരണപ്പെട്ടവരുടെ ബന്ധുക്കളുടെയും ഞങ്ങളുടെയും ഹൃദയത്തിന്റെ ഭാഷ ഒന്നായിരുന്നു....തണുക്കുന്നില്ലിനിയും കരൾ

കുളിരുമായെത്തുന്ന
കാററും നിലച്ചല്ലോ
മാപ്പെൻ സഹജരേ
മാപ്പെന്നയൽനാടേ
മറെറാന്നിനുമാവതില്ലിത്തിരി
സ്നേഹമെഴും ചെറുവാക്കുകളല്ലാതെ
ഗ്രാമവീഥിയിൽ പൊലിഞ്ഞയാത്മാക്കൾക്ക്
പ്രാർത്ഥനാസ്വരമന്ത്രധാരകളല്ലാതെ...



ജോഷി എം. തോമസ്
കമ്മ്യൂണിറ്റി പോലീസ് ഓഫീസർ
പൂർവവിദ്യാർത്ഥി

**തയ്യാറാക്കിയത്: മാർട്ടിൻ തോമസ്, ശ്രീരാജ്, ഷാജഹാൻ, അഞ്ജന ബിജു, ഗോപിക ബിജു**

# I T Quiz

1. *Speak to tweet* is the service provided by which internet giant?
Google
2. Who is the father of free software foundation?
Richard Mathew Stalman
3. Expand SOPA
Stop online piracy act
4. What is the relation between Craig Silverstain and Google?
He is the first employee of Google
5. *Xoom* is the tablet computer introduced by which company?
Motorola
6. Who is the author of the book “Go kiss the world”?
Subrato Bagchi
7. Expand CAT related to law
Cyber applet tribunal
8. Which is the tablet computer introduced by Amazon?
Amazon kindle fire
9. Expand SAMEER
Society for applied microwave electronics engineering and research
10. Expand VSAT
Very small aperture terminal
11. WIT is the NASDAQ code of which Indian company?
Wipro
12. Who is the prince invested 300 million dollars in Twitter?
Al Waleed Bin Talal
13. What is SIRI?
Voice commanding system in Apple i phone 4s
14. Who is the father of C programming passed away recently?
Dennis Ritchie
15. What is *F8* related to Facebook?
Annual developers conference
16. What is IMPS banking system?
Inter banking mobile payment system
17. World computer literacy day is celebrated on
December 2
18. What is ice cream sandwich ?
Android OS 4.0
19. Satyam computers is known today as
Mahindra Satyam
20. In Trivandrum technopark what is T BIC?
Technopark business incubation centre
21.Expand CATFOSS
Centre for advanced training in free and open source software
22. What is Opera mini?
Mobile phone web browser
23. One of the directors of Walt Disney company passed away recently who is that?
Steve Jobs
24. What is Spam related to e-mails?
Unwanted emails

**Prepared by Narmmada E R, Adarsh Sanil**

വൈക്കം മുഹമ്മദ് ബഷീറിന്റെ പാത്തുമ്മയുടെ ആട് എന്ന നോവലിൽ നിന്ന്



ഒരു ചാമ്പങ്ങക്കച്ചവടം




നെയ് മോഷണം

രചന- അഖിൽ സാബു

# പ്രളയക്കാഴ്ചകൾ







## പ്രളയം

പ്രളയം പ്രണയം പോലെയാണ്...
നിനച്ചിരിക്കാത്ത നേരത്ത്
പറയാതെ കടന്നുവന്ന്
എല്ലാം കവർന്നെടുത്ത് ഒരു പോക്ക്...
ഓർമ്മകൾ മാത്രം ബാക്കി...
-

# കേരളത്തിലെ പ്രധാന കോട്ടകൾ

ബേക്കൽ കോട്ട:



കാസർകോട്
ജില്ലയിലെപള്ളിക്കരയിലാണ്
ബേക്കൽ കോട്ട.

തലശ്ശേരി കോട്ട:



തലശ്ശേരിയിൽ 1705 ൽ ബ്രിട്ടിഷുകാർ നിർമ്മിച്ചതാണ് തലശ്ശരി കോട്ട.

സെന്റ് ആഞ്ചലോ കോട്ട:



കണ്ണൂരിലെ സെന്റ് ആഞ്ചലോ കോട്ടയ്ക്ക് കണ്ണൂർകോട്ട എന്നും പേരുണ്ട്.1505 ൽ പോർച്ചുഗിസുകാരാണ് ഇത് പണിതത്



അഞ്ചുതെങ്ങ് കോട്ട:
തിരുവനന്തപുരം ജില്ലയിലെ

അഞ്ചുതെങ്ങിൽ 1695 ൽ ബ്രിട്ടിഷുകാർ പണിതതാണ് ഈകോട്ട.

പള്ളിപ്പുറം കോട്ട:
എറണാകുളത്തെ വൈപ്പിനിലാണ് പള്ളിപ്പുറം കോട്ട 1503 ൽ പോർച്ചുഗിസുകാരാണ് ഇത് നിർമ്മിച്ചത്.



പാലക്കാട്കോട്ട
1760 ഹൈദർഅലിയാണ് നിർമ്മിച്ചത്.



കിഴക്കേകോട്ട തിരുവനന്തപുരംനഗരത്തിലേക്കുള്ള പ്രവേശനകവാടം.
തിരുവിതാംകൂർരാജാക്കന്മാർ നിർമ്മിച്ചതാണിത്



വിവരങ്ങൾ ശേഖരിച്ചത്- നാഫില സുൾഫിക്കർ

# എന്റെ ഹൈദരാബാദ് യാത്ര




ഫെബ്രുവരി മൂന്നാം തീയതിവൈകുന്നേരം. ഞാൻ വീട്ടിൽ എന്തോ വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഫോൺബെല്ല് അടിച്ചതും മമ്മി ആരോടൊസംസാരിക്കുന്നതും കേട്ടു. കാര്യമായി ശ്രദ്ധിച്ചില്ല. പക്ഷെ ബ്ളെസ്സി... എന്നും ഗൈഡിംഗ് എന്നും, ഹൈദരാബാദ്... എന്നും ചില വാക്കുകൾ കേട്ടപ്പോൾ അടക്കാനാവാത്ത ജിജ്ഞാസ തോന്നി. വായന നിർത്തി സംഭാഷണം ശ്രദ്ധിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ മമ്മി പറഞ്ഞു മോളേ എത്സിടീച്ചർവിളിക്കുന്നു. എത്സിടീച്ചർ ഞങ്ങളുടെ ഗൈഡ് ക്യാപ്റ്റനാണ്. ഞങ്ങൾ 38 പേരാണ് ഗൈഡുകളായി സ്കൂളിലുള്ളത്. ബുധൻ, വെള്ളി ദിവസങ്ങളിൽ ടീച്ചർ ഞങ്ങൾക്കു ക്ളാസ്സെടുക്കും. എരുമേലിയിലും ചാലക്കുടിയിലും വെച്ചുനടന്ന ക്യാംപുകളിൽ ഞങ്ങളിൽ പലരും സംബന്ധിച്ചിരുന്നു. പ്രത്യേക യൂണിഫോം ധരിച്ച് സ്കൂളിലെത്തുന്നതിലും സേവനം ചെയ്യുന്നതിലും, ധാരാളം കാര്യങ്ങൾ പഠിക്കാനവസരം ലഭിച്ചതിലും ഞങ്ങൾക്കെല്ലാം വളരെ സന്തോഷമായിരുന്നു.

ഞാനോടിച്ചെന്ന് ഫോൺ വാങ്ങി. ടീച്ചർ പറഞ്ഞു, മോളേ നിനക്ക് ഹൈദരാബാദിൽ വച്ചുനടക്കുന്ന ദേശീയ ക്യാംപിന് പോകാൻ താല്പര്യമുണ്ടെങ്കിൽ വിടാം.പെട്ടെന്ന് എനിക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല . ഒരുനിമിഷം എന്തു പറയണമെന്നുപോലും അറിയാതെ നിന്നു. പിന്നെ പെട്ടെന്ന് ഒന്നുമാലോചിക്കാതെ പറഞ്ഞു, പോകണം... ഞാനും വരുന്നു. പിന്നെ മമ്മിയും ടീച്ചറും തമ്മിൽ കുറെനേരം സംസാരിച്ചു. ഒടുവിൽ മമ്മി പറഞ്ഞു പപ്പ വരട്ടെ , ചോദിച്ചിട്ടു പറയാം.പപ്പ വന്നപ്പോൾ വിഷയം അവതരിപ്പിച്ചു.ആദ്യമൊന്നും പപ്പ സമ്മതിച്ചില്ല. കുഞ്ഞല്ലേ ? ദൂരെയല്ലേ? കുറെ ദിവസങ്ങള് മാറിനില്ക്കണ്ടേ? അങ്ങനെ പല പ്രശ്നങ്ങൾ .ഞാൻ വാശി പിടിച്ചു. സങ്കടവും വന്നു. ഒടുവിൽ പപ്പയും മമ്മിയും സമ്മതിച്ചു. ഞാൻ പപ്പയെയും മമ്മിയെയും കെട്ടിപ്പിടിച്ചു. സന്തോഷം കൊണ്ട് എനിക്ക് കരച്ചിൽ വന്നു.

ഫെബ്രുവരി അഞ്ചാം തീയതി ഞായറാഴ്ച. എനിക്കത് അവിസ്മരണീയമായ ദിവസമായിരുന്നു. ഇന്നാണ് ഞങ്ങളുടെ ഹൈദരാബാദ് യാത്ര. നല്ല തണുപ്പുണ്ടായിരുന്നെങ്കിലും അതിരാവിലെ ഞാനുണർന്നു. രാത്രിയിൽ ശരിക്ക് ഉറങ്ങിയില്ലെന്നതാണു സത്യം . ധൃതിയിൽ ഒരുങ്ങി. ബാഗുമെടുത്ത് പപ്പയോടൊപ്പം

ആറുമണിക്കുള്ള ബസ്സിൽ കോട്ടയത്തേയ്ക്ക്....ഞങ്ങളുടെ സ്കൂളിൽനിന്ന് ഞങ്ങൾ നാലു പേരുണ്ടായിരുന്നു. ജസീന്ത,പാർവതി,ആശ പിന്നെ ഞാനും. കേരളത്തിൽ നിന്ന് ആകെ പതിനാറു പേരെയുള്ളൂ. അതിൽ നാലും ഞങ്ങളുടെ സ്കൂളിൽനിന്ന്. എനിക്ക് ഒത്തിരി അഭിമാനം തോന്നി. റെയിൽവേസ്റ്റേഷനിൽ എത്തിയപ്പോൾ മറ്റു കൂട്ടുകാരും അവരുടെ രക്ഷിതാക്കളും. എല്ലാവരുടെയും മുഖത്ത് സന്തോഷം. ചില രക്ഷിതാക്കളുടെ മുഖത്ത് നേരിയ മ്ളാനത. അഞ്ചാറു ദിവസത്തേയ്ക്ക് മക്കളെ പിരിഞ്ഞിരിക്കണ്ടേ?

ഒൻപതേമുക്കാല് കഴിഞ്ഞപ്പോൾ ട്രെയിൻ വന്നു.ഞങ്ങളുടെ ആവേശത്തോളം നീളമുണ്ട് ട്രെയിനിനും എന്നെനിക്കു തോന്നി. തിക്കിത്തിരക്കാതെ തന്നെ ട്രെയിനിൽ കയറി.യാത്ര അയയ്ക്കാൻ വന്നവരുടെ സ്നേഹപ്രകടനങ്ങൾക്കിടയിൽ ട്രെയിൻ നീങ്ങിത്തുടങ്ങി. ഞങ്ങളുടെ സന്തോഷം പറഞ്ഞറിയിക്കാൻ വയ്യ. ഞങ്ങൾ തമാശ പറഞ്ഞും, പൊട്ടിച്ചിരിച്ചും, പുറത്തെ കാഴ്ചകൾ കണ്ടുമിരുന്നു. വിശാലമായ നെൽപ്പാടങ്ങൾ ,വാഴത്തോട്ടങ്ങൾ, പച്ചക്കറിത്തോട്ടങ്ങൾ, കായലുകൾ, നദികൾ, മൊട്ടക്കുന്നുകൾ, കാറ്റത്താടുന്ന പൂച്ചെടികൾ, ഓടിമറയുന്ന കർഷകർ, മേഞ്ഞുനടക്കുന്ന കാലിക്കൂട്ടങ്ങൾ, ജലാശയങ്ങളിൽ വിടർന്നു നില്കുന്ന ആമ്പൽ പൂക്കൾ, മൂടിക്കിടക്കുന്ന പായൽക്കൂട്ടം. എത്രയോ സുന്ദരമായ കാഴ്ചകൾ. ഭാരതപ്പുഴയും, കലാമണ്ഡലവും മനസ്സിൽനിന്നു മായുന്നതേയില്ല. ഷൊർണ്ണൂരും പാലക്കാട്ടും പിന്നിട്ട് തമിഴ് നാട്ടിലേയ്ക്ക്. കാട്ടാനക്കൂട്ടങ്ങൾ പോലെ ഭീമമായ കരിമ്പാറക്കെട്ടുകൾ,മുകളിൽ പഞ്ഞിപോലെ പറക്കുന്ന മേഘക്കീറുകൾ, കരിമ്പനക്കൂട്ടങ്ങൾ,വരമ്പുപിടിപ്പിച്ച കണ്ടങ്ങളും പച്ചവിരിച്ച വയലുകളും. പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ചു പള്ളികൊള്ളുന്ന എന്റെ കേരളം എത്ര മനോഹരം എന്ന് ഞാൻ കണ്ടും കേട്ടും അനുഭവിച്ചും അറിയുകയായിരുന്നു. ഇനിയൊരു ജന്മമുണ്ടെങ്കിൽ ഇതും നിൻമടിത്തട്ടിൽ തന്നെ ആകണേ എന്ന് ഞാനും കവിയോടൊപ്പം പ്രാർത്ഥിച്ചുപോയി.

തമിഴ് നാടിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും നമ്മുടേതിൽ നിന്നും വളരെ വിഭിന്നമാണ്. നോക്കെത്താദൂരത്തോളം കൃഷിയിടങ്ങൾ.ഒരുപാടു ദൂരം സഞ്ചരിച്ചുകഴിയുമ്പോൾ കുറെ വീടുകൾ ... രാത്രിയിൽ അത്താഴവും കഴിഞ്ഞ് കുറേ നേരം പുറത്തേയ്ക്കു നോക്കിയിരുന്നു. ഇരുട്ട് കരിമ്പടം വീഴ്ത്തിയിരിക്കുന്നു.കാര്യമായൊന്നും കാണാനില്ലെന്നായപ്പോൾ ഉറങ്ങി.അതിരാവിലെ ഉണർന്നു. കാപ്പികുടിയും കഴിഞ്ഞ് വീണ്ടും കാഴ്ചകാണൽ, വർത്തമാനം ,പൊട്ടിച്ചിരി, കളിതമാശ. ഗുണ്ടൂർ,നലപാട്, സിരിപുരം, പീട്ടുലെ,സേലം, കോയമ്പത്തൂർ, ചെന്നൈ,സ്ഥലങ്ങൾ കടന്നുപോയിക്കൊണ്ടിരുന്നു. ഉച്ചയ്ക്ക് നെയ്യ്ചോറ്. ഉച്ചകഴിഞ്ഞ് 4 മണിയോടെ സെക്കന്തരാബാദിൽ വണ്ടിയെത്തി. 229-ാം നമ്പർ ബസിൽ ജയലളിതാനഗരിയിലേയ്ക്ക്. അവിടെയാണ് ക്യാമ്പ്. ജയലളിതാപാർക്കിൽ എല്ലാവരും ഒത്തുകൂടി. കേരളം,തമിഴ് നാട്,കർണാടക,ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ

നിന്നുള്ള ഗൈഡുകളായിരുന്നു അവിടെ. രാവിലെ 5 മണി മുതൽ രാത്രി 11.30 വരെ തിരക്കിട്ട പരിപാടികളായിരുന്നു . ബീ.പീസ് എക്സർസൈസ്, ടെൻറ് ഇൻസ്പെക്ഷൻ,ബോധവത്കരണ ക്ളാസ്സുകൾ എന്നിവ കൂടാതെ പട്രോൾ കൊടി,പട്രോൾ എബ്ളം ഇവയുടെ നിർമ്മാണം, സി.ഒ.എച്ച്. പട്രോൾ സിസ്റ്റം,പട്രോൾമീറ്റിംഗ്, ഭക്ഷണം പാകം ചെയ്യൽ എന്നിവ പതിവു പരിപാടികളായിരുന്നു. കൂടാതെ സംഗീതം, പ്രസംഗം, തിരുവാതിര, ഡാൻസ് തുടങ്ങിയവയും ക്യാംപു ദിവസങ്ങൾക്ക് ഉണർവേകി.

അഞ്ചാമത്തെ ദിവസം ഞങ്ങൾ പുറത്ത് കാഴ്ചകൾ കാണാൻ പോയി.ഉസ്മാൻ നദിയും കല്ലുകൊണ്ട് പണിതുവച്ച ബുദ്ധപ്രതിമയും നല്ല കാഴ്ചകളായിരുന്നു.പിന്നെ മ്യൂസിയത്തിലേയ്ക്ക്. ആനക്കൊമ്പ് കൊണ്ടുള്ള ശില്പങ്ങൾ, രാജകീയ സിംഹാസനങ്ങൾ, പഴയകാലത്തെആയുധങ്ങൾ, വേഷവിധാനങ്ങൾ എല്ലാം കണ്ടു. പിന്നെ ചാർമിനാർ.അതിന്റെ ചരിത്രം ടീച്ചർ ഞങ്ങൾക്കു പറഞ്ഞുതന്നു.പ്രസിദ്ധമായ വെങ്കിടേശസ്വാമി ക്ഷേത്രമുറ്റത്തുനിന്നാൽ ഹൈദരാബാദ് ഏതാണ്ട് മുഴുവനായും കാണാം.നാലുമണിയോടെ തിരികെ ക്യാമ്പിലെത്തി. ഒരുപാട് കണ്ടതിന്റെയും ആസ്വദിച്ചതിന്റെയും പഠിച്ചതിന്റെയും സന്തോഷം എല്ലാവരുടെയും മുഖത്തുണ്ടായിരുന്നു.

മടക്കയാത്രാദിവസം ഉച്ചയ്ക്ക് 12 മണിയോടെ ഞങ്ങൾ റെയിൽവെസ്റ്റേഷനിലെത്തി. മടക്കയാത്രയിൽ സന്തോഷവും സങ്കടവും തോന്നി. വീട്ടിലെത്താനുള്ള തിടുക്കം കാരണം സന്തോഷം.ക്യാംപിന്റെ ആസ്വാദ്യത നഷ്ടപ്പെട്ടതിലുള്ള സങ്കടം. ട്രെയിനിൽ പതിവുപോലെ തിരക്ക്.പരുത്തിച്ചെടികളും പച്ചക്കറിത്തോട്ടങ്ങളും വഴിയോരക്കാഴ്ചകളായി മിന്നിമറഞ്ഞു. രാത്രി ഉറക്കം. അടുത്ത രാത്രി 9 മണിക്ക് കോട്ടയത്ത് എത്തി. അസഹ്യമായ ചൂടായിരുന്നതുകൊണ്ട് നല്ല ക്ഷീണമുണ്ടായിരുന്നു. ബസ്സെല്ലാം പോയിക്കഴിഞ്ഞിരുന്നു. ഭാഗ്യത്തിനു കാഞ്ഞിരപ്പള്ളി വരെ ബസ് കിട്ടി. പിന്നെ ഓട്ടോയിൽ വീട്ടിലേയ്ക്ക്. ചെന്നപാടെ കുളിച്ചു. അത്താഴത്തിനുശേഷം സുഖമായ ഉറക്കം.

ഒരു ആറാം ക്ളാസ്സ് വിദ്യാർത്ഥിനി എന്ന നിലയിൽ എനിക്കു ലഭിച്ച ഭാഗ്യമാണ് ഈ യാത്ര. ഇതിന്റെ നല്ല ഓർമ്മകൾ എന്നും എന്റെ മനസ്സിൽ പച്ചപിടിച്ചുനില്ക്കും.

(ആറാം ക്ളാസ്സ് വിദ്യാർത്ഥിനിയായിരിക്കുമ്പോൾ കുമാരി ബ്ളെസി സെബാസ്ററ്യൻ നടത്തിയ ഹൈദരാബാദ് യാത്രയുടെ വിവരണം)

**തയ്യാറാക്കിയത്- ജീനു തോമസ്, ഷംന ഷാഹുൽ, അൽക്ക, ഗംഗ, ഡോണ ജോമോൻ**

# NEWTON'S LAW



I was inattentive in science class one day
When the teacher at random looked my way
I didn't look up, I wouldn't dare
There's no escaping that intense glare.

Asked me to explain to the class
Newton's Law of gravity and mass
My mind was a blank,heartbeats louder
For an answer I started to flounder.

I stood before the class trembling with fear
“Gravity”, I said...and then oh dear!!!
I fell off the stage on to the floor
How the class with laughter did roar.

The children tittered in great amusement
They didn't know my sad predicament
The teacher said, “You've demonstrated gravity”
“Although you did it with much levity”

At length I returned to my seat
With much applause did they greet
Now I look back upon this and ponder
I decide to listen and not let my mind wander.

Written by NANDITA DAS


# സ്വയം തിരിച്ചറിയുക...
# ഉണരുക... വിജയിക്കുക...

ആദർശ് സനിൽ




ഗുണവിശേഷങ്ങൾ സ്വയം രൂപപ്പെടുത്തിയെടുക്കണം. നിങ്ങളുടേതെന്ന് അഭിമാനിക്കാവുന്ന വ്യക്തിത്വം രൂപപ്പെടുത്തുന്നതിലാണ് വിജയം. മാതൃകാ വ്യക്തികളെപ്പറ്റി വായിക്കാനും അവരുടെ നല്ലവശങ്ങൾ സ്വീകരിക്കുകയുംവേണം.ഓരോ മനുഷ്യനും ഓരോ ജീവജാലങ്ങൾക്കും അവരുടേതായ മനസ്സുണ്ട്, ചെയ്തികളുണ്ട്, മാർഗ്ഗങ്ങളുണ്ട്. ഗാന്ധിജിയെ അനുകരിക്കാം പക്ഷെ ഗാന്ധിജിയാകുന്നതെങ്ങനെ? അവരുടെ ജീവിതത്തിലും പരാജയത്തിന് ഇരിപ്പിടമില്ല. പരാജയത്തെ ആനയിച്ച് കസേരയിട്ട് ഇരുത്തുകയാണ് പലരും. ജീവിതവഴിയിലെ ഓരോ അവസരത്തെയും നന്നായി വിനിയോഗിക്കുക .

ഓരോ വിഷയം പഠിക്കുമ്പോഴും ഇഷ്ടത്തോടെ പഠിക്കുക. ഇണങ്ങി പഠിക്കുക, അപ്പോൾ വിജയത്തിന്റെയും, സന്തുഷ്ടിയുടെയും ആഹ്ളാദം നിങ്ങൾക്ക് അനുഭവിച്ചറിയാനാകും.



# UNITY IS STRENGTH




A man had three sons .

They were always quarrelling with one another.

The man felt disappointed seeing them a bundle of sticks and asked them to break it.

Each of them tried to break it, but could not break it them.

The man untied the bundle and gave each of them a stick to break .

They broke it easily then the man told them that in unity lies the real strength .

- Bince T Baby




Our topic for today is photosynthesis .





Ok teacher!

So tell me,what is photosynthesis?





Photosynthesis is our topic for today.

# ക്വിസ്




1. സ്പിരിച്വൽ റഫറൻസ് ബുക്കായി ഗാന്ധിജി വിശേഷിപ്പിച്ചത്?
2. ജവഹർലാൽ നെഹറു ആരംഭിച്ച പത്രം?
3. ഹിന്ദി ദേശിയ ഭാഷയാക്കാൻ നിർദേശിച്ച വ്യക്തി?
4.ഇന്ത്യയിലെ ആദ്യ യുറോപ്യൻ കോട്ടയേത് ?
5. ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതെന്ന്?
6. ഇന്ത്യയിൽ ആദ്യമായി മെയ് ദിനം ആഘോഷിച്ചതെന്ന് ?

## ഉത്തരം

1. ഭഗവത് ഗീത
2. നാഷണൽ ഹെറാൾഡ്
3. ബാലഗംഗാധര തിലക്
4. മാനുവൽ കോട്ട
5. 1949 നവംബർ 26
6. 1923

-------അഖിൽ രാജപ്പൻ




Oh, my dear rain
when you fall from the sky
The valleys and fields are decorated

Oh, my lovely rain
when you touch the grass
my heart is fulfilled with happiness

Oh, my dear rain
when you dropped from the heaven
The shining rainbow appeared in the sky

Oh, my happiness rain
You are the one who make
The world beautiful.

----Vismaya V.M




* Men can read smaller print than women,but women can hear better than men.
* The number of hairs on a human head is around 1,50,000.
* The hair on our eyelids stays only for 5 months.
* We can't smell while we are asleep.
* The human heart of a healthy person beats over 1,00,000 times a day.
* We can't move our body while dreaming.
* The biggest organ in the human body is skin,its area is around 25 sq.ft in an adult.
* Around 11% of humans are left-handed.
* The boiling point of human saliva is three times that of water.
* A human inhales over 18 kg of dust in their life time.
* If a human's temperature exceeds 107.6$^{o}$ F ,the brain stops working.
* On the average,men sweat 40% more than women.
* A human hair can bear a 3 kg.
* A human dies earlier by lack of sleep than lack of food.
* Our thumb grows at a slowest rate while the middle finger grows at the fastest rate.

Alka Carolin Reji

# DON'T BE AFRAID OF THE DARK




Don't be afraid of the dark , little one
The earth must rest when the day is done
The sun maybe harsh , but moonlight- never
And those stars will be shining forever and ever

Be friends with the Night,there is nothing to fear,
Just let your thoughts travels to friends far and near,
By day, it must seem that our troubles won't cease,
But at night, late at night,the world is at peace

by
RUSKIN BOND
Prepared by Rose Mary Varghese

# QUIZ

1. Second novel of Arundathi Roy
2. Which country has the highest population
3. 24th Governor of Bharat reserve bank
4. Who is known as the 'Father of Bombay'
5. How many years Gandhiji lived in South Africa

# ANSWER

1. The ministry of atmost happiness
2. China
3. Urjith Patel
4. Galileo Duhe
5. 21

Amal Mathew

ഞാനായിരുന്നു
പഴയ തലമുറയുടെ
ഫേസ്ബുക്കും വാട്സാപ്പും
എല്ലാം




Done by ----Dona Jomon



കവിത

# വേനൽ


പണ്ടീമലനാട്ടിൽ
വേനലൊരു വരമായിരുന്നു.
പുതുജീവനും സ്വപ്നങ്ങളും തരുന്ന
പുണ്യപ്രകാശം
നിറകുളങ്ങളുടെയും അരുവികളുടെയും സൗഹൃദം
വേനലാനന്ദമാഹ്ലാദമാഘോഷം
കൊയ്ത്തുകഴിഞ്ഞൊഴിഞ്ഞ വയലുകളിൽ
കൊതിതീരും വരെ കേളി ചെയ്വാൻ
പുസ്തക പിരിമുറുക്കത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേയ്ക്കൊരു വേനൽ
ഇന്ന്
വേനലൊരു ശാപവാക്കാണ്....
ദുരമൂത്ത മനുഷ്യൻ ബാക്കി വച്ചത്
വേരറ്റ വൃക്ഷങ്ങൾ
നീരറ്റ കനവുകൾ...
കത്തുന്ന നിരത്തിൽ കാത്തിരിപ്പാണ്
കുടിവെള്ളം വഹിച്ചു വരുന്ന
ഒരു മേഘത്തെ.

അനന്ദു എം.


A
A



# OUR SCHOOLWIKI PAGE




# OUR SCHOOL BLOG






**കഥ**
**ഷംന ഷാഹുൽ**

നമുക്കെല്ലാവർക്കും കാണില്ലേ ഓരോരോ ആഗ്രഹങ്ങൾ. അതു പോലെ ദാമുവിനുമുണ്ട് ഒരാഗ്രഹം. ഒരു ബലൂൺ വേണം. സ്കൂളിലേക്ക് പോകുമ്പോഴും അമ്പലത്തിൽ ഉത്സവത്തിന് പോകുമ്പോഴും കടകളിൽ തൂക്കിയിട്ടിരിക്കുന്ന ബലൂൺ അവൻ ആകാംക്ഷയോടെ നോക്കുമായിരുന്നു. തെക്കേമനയ്ക്കലെ രാമൻകുട്ടിനായരുടെ വീട്ടിൽ അടുക്കളപ്പണിക്കു നിൽക്കുകയാണ് അവന്റെ അമ്മ ജാനകി. രണ്ടുവർഷം മുമ്പ് രാത്രി പാടവരമ്പത്തൂടെ വരുമ്പോൾ വിഷം തീണ്ടിയാണ് ദാമുവിന്റെ അച്ഛൻ വേലായുധൻ മരിച്ചത്. അത്യാവശ്യത്തിനു പോലും വകയില്ലാതിരുന്ന ആ കുഞ്ഞുകുടുംബത്തിന് ദാമുവിന്റെ ബലൂൺ എന്ന ആഗ്രഹം ഒരു അവശ്യകാര്യമായിരുന്നില്ല. ഒരിക്കൽ അവൻ അമ്മയോട് ചോദിച്ചു.”അമ്മേ,നിയ്ക്കൊരു ബലൂൺ വാങ്ങിത്തര്വൊ" അപ്പോൾ അമ്മ പറഞ്ഞു"മോനേ, ഇവിടെ ആവശ്യത്തിനു പോലും കാശ് തികയണില്യ. അമ്മയ്ക്ക് കാശൊക്കെയാകുമ്പോൾ ന്റെ മോന് നല്ലൊരു ബലൂൺ വാങ്ങിത്തരാം. അമ്മേന്റെ കയ്യില് കാശില്ലാഞ്ഞിട്ടല്ലേടാ."അതും അങ്ങനെ തീർന്നു.

അന്ന് ചൊവ്വാഴ്ചയാണ് . അവൻ പള്ളിക്കൂടത്തിലേക്ക് പോകുകയായിരുന്നു. വഴിയരികിൽ ഒരുപാവം അപ്പൂപ്പൻ ഭിക്ഷ യാചിക്കുകയാണ്. കണ്ണുതീരെ കണ്ടുകൂടാ...പാവം അപ്പൂപ്പൻ. ചിലർ ചില്ലറപ്പൈസയൊക്കെ എറിഞ്ഞു കൊടുക്കുന്നുണ്ട്. അത് ആ

പിച്ചച്ചട്ടിയിൽനിന്നുമാറി ദൂരെ ചെന്നുവീഴുന്നു. ചിലർ കണ്ടഭാവം പോലും നടിക്കാതെ പോകുന്നു. ചിലകുട്ടികളാണെങ്കിൽ ആ പാവത്തിന്റെ പിച്ചച്ചട്ടിയിൽ നിന്ന് കാശെടുത്ത് മിഠായി വാങ്ങിത്തിന്നുന്നു. അപ്പോൾ ദാമുവിനും തോന്നി, ആ കുട്ടികൾ ചെയ്യുന്നതുപോലെ ഞാനും നാലുരൂപയെടുത്ത് ബലൂൺ വാങ്ങിയാലോ.. അവൻ പൈസ എടുക്കാനായി കുനിഞ്ഞു. പക്ഷേ പെട്ടെന്ന് കാശെടുക്കാൻ നീട്ടിയ ആ കൈ അവൻ പിൻവലിച്ചു. അവന്റെ മനസ്സിലിരുന്ന് ആരോ പറയുന്നതുപോലെ..അരുത്..ചെയ്യരുത്...അത് പാപമാണ്. അവന് കുറ്റബോധം തോന്നി.ദാമു അവിടിവിടായി ചിതറിക്കിടന്ന ചില്ലറപ്പൈസയെടുത്ത് ആ പാവത്തിന്റെ പാത്രത്തിലിട്ടു. എന്നിട്ട് സ്കൂളിലേക്ക് പോയി. ആ വൃദ്ധന്റെ അടുത്തുവരുന്നത് അവനൊരു പതിവായി. ഒരുദിവസം കിടക്കാൻ നേരം അമ്മ അവന് ആറുരൂപ കൊടുത്തിട്ട് പറഞ്ഞു. നാളെ സ്കൂളീന്ന വരുമ്പൊ ബലൂൺ വാങ്ങിച്ചോ...മോനൊത്തിരി ആഗ്രഹിച്ചതല്ലേ.. അവന്റെ മനസ്സിൽ സന്തോഷം അലയടിച്ചു. ഒരുപാട് സന്തോഷത്തോടെ അവനുറങ്ങാൻ കിടന്നു. ഉറക്കത്തിൽ ഒരു കൂട്ടം ബലൂണുകളിൽ താൻ പറന്നുനടക്കുന്നതായി അവൻ സ്വപ്നം കണ്ടു. രാവിലെ ഉത്സാഹത്തോടെ എണീറ്റ് സ്കൂളിലേയ്ക്കോടി. ഓടുകയായിരുന്നില്ല...പറക്കുകയായിരുന്നു. വഴിക്ക് അവൻ ആ വൃദ്ധനെ കണ്ടു. അയാളുടെ അടുത്തുചെന്നു. പാവത്തിന്റെ പാത്രത്തിൽ ഒരുരൂപ പോലുമില്ല. അയാൾ അങ്ങനെ കിടക്കുകയാണ്. പന്തികേടുതോന്നി നെറ്റിയിൽ കൈവച്ചുനോക്കിയപ്പോൾ പനിക്കുന്നുണ്ട്. അപ്പോഴാണ് അവൻ കയ്യിലുള്ള രൂപയെക്കുറിച്ചോർത്തത്. ഒരുപാട് നാളത്തെ ആഗ്രഹമായ ബലൂണോ ഒരു മനുഷ്യജീവനോ? പിന്നെ അവൻ ഒന്നും ആലോചിച്ചില്ല. അടുത്തുള്ള അങ്ങാടിക്കടയിലേയ്ക്കോടി..ആവശ്യം പറഞ്ഞു..മരുന്ന് വാങ്ങി വൃദ്ധന് കൊടുത്തു. അല്പം കഴിഞ്ഞപ്പോൾ തെല്ലൊരാശ്വാസമായി. അദ്ദേഹം പറഞ്ഞു. കുഞ്ഞിനെ ദൈവം രക്ഷിക്കും.

മകൻ ബലൂണുമായി വരുന്നതും കാത്ത് അമ്മയുണ്ടായിരുന്നു വീട്ടുപടിക്കൽ. പക്ഷേ അവന്റെ ശൂന്യമായ കൈകൾ അമ്മയെഅദ്ഭുതപ്പെടുത്തി. പക്ഷേ അവന്റെ കണ്ണിൽ നോക്കിയപ്പോൾ നക്ഷത്രം പോലെ തിളങ്ങുന്നതായും അവന്റെ ചുറ്റും വിവിധ നിറങ്ങളിലുള്ള ബലൂണുകൾ പാറിപ്പറക്കുന്നതായും അവന്റെ അമ്മയ്ക്ക് തോന്നി.



# ACTIVITIES
















# ACTIVITIES











# ACTIVITIES













# San Thome
## little KITEs
# thanks
2019

## നന്ദി

പ്രിയപ്പെട്ടവരെ,

കണമല സാൻതോമിൽ നിന്ന് ഇങ്ങനെയൊരു ഡിജിറ്റൽ മാഗസിൻ ഇതാദ്യമാണ്.

ഇത് തയ്യാറാക്കാൻ അത്യാവശ്യം നന്നായി കഷ്ടപ്പെട്ടു. മാതൃകകളൊന്നും ഉണ്ടായിരുന്നില്ല. വീരവാദങ്ങളോ അവകാശവാദങ്ങളോ ഇല്ല. നിറഞ്ഞ സംതൃപ്തിയോടെയാണ് ഇത് നിങ്ങളുടെ മുമ്പിൽ എത്തിക്കുന്നത്.

സർഗാത്മകരചനകൾ തന്ന പൂർവവിദ്യാർത്ഥികടക്കമുള്ളവർ, പ്രോത്സാഹിപ്പിച്ച അധ്യാപകർ , മാനേജർ, വിവരങ്ങൾ ഈ രൂപത്തിലാക്കിയെടുക്കാൻ സഹായിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ,നിർദ്ദേശങ്ങൾ തന്ന ജില്ലാ മാസ്റ്റർ ട്രെയിനർമാർ, കൈറ്റ് മാസ്റ്റർ ജിമ്മിസാർ, കൈറ്റ് മിസ്ട്രസ് ദീപ ടീച്ചർ ... എല്ലാവർക്കും നന്ദി




സബ് എഡിറ്റേഴ് സ്
ഡോണാ ജോമോൻ
അൽക്ക കരോളിൻ റെജി

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
## സാൻതോം ഹൈസ്കൂൾ കണമല
LK/2018/32025